**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കീം 2020

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2020 സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു.

2020 അധ്യയന വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി ലഭിച്ചു തുടങ്ങിയ ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമുള്ളവയായിരിക്കണം. ശരിയായ ഫോർമാറ്റിലുള്ളതല്ലാത്തതോ, കാലാവധി കഴിഞ്ഞതോ ആയ സർട്ടിഫിക്കറ്റുകൾ സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തുന്ന പക്ഷം അവ തിരുത്തുന്നതിനും പുതിയ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനും നിശ്ചിത സമയം അനുവദിക്കുന്നതാണ്. അക്ഷയ കേന്ദ്രങ്ങൾ വഴിയും സ്വന്തമായും അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ ഫോട്ടോ, ഒപ്പ് എന്നിവയും മറ്റ് സർട്ടിഫിക്കറ്റുകളും കൃത്യമായും വ്യക്തതയോടെയും അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപൂർണ്ണമായതോ വ്യക്തമല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ ആനുകൂല്യം നൽകുന്നതിന് യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല. റവന്യൂ വകുപ്പിൽ നിന്നുള്ള വിവിധ ഇ-സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നവർ ശരിയായ രീതിയിൽ വാലിഡേഷൻ ലഭിച്ച ഇ-സർട്ടിഫിക്കറ്റുകൾമാത്രം അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷയുടെ സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ വിദ്യാർത്ഥികളുടെ പ്രൊഫൈൽ പേജിൽ നിശ്ചിത തീയതിയ്ക്കുശേഷം അറിയിപ്പായി നൽകുന്നതാണ്. അത്തരം അപാകതകൾ പരിഹരിക്കുന്നതിനുള്ള വിജ്ഞാപനം വന്ന് കഴിഞ്ഞ് അവ നിശ്ചിത തീയതിയ്ക്കകം പരിഹരിക്കേണ്ടതാണ്. അതിന്ശേഷം തപാലിലോ, ഇ–മെയിൽ വഴിയോ ലഭിക്കുന്ന അപേക്ഷകളോ, സർട്ടിഫിക്കറ്റുകളോ ആനുകൂല്യം ലഭിക്കുന്നതിന് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 25 25 300:**

തിരുവനന്തപുരം
07.02.2020

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**